(ജി) മേൽ നിയമനങ്ങൾ എല്ലാം കമ്മീഷൻ വ്യവസ്ഥയിലും കരാർ വ്യവസ്ഥയിലും അതാത് സംഘങ്ങളാണ് നടത്തിയിട്ടുള്ളത്.

**സംസ്ഥാനത്തുള്ള നീതി സ്റ്റോറുകളുടെ എണ്ണം**

123(1026) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പ് സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ നടത്തുന്നുണ്ട് ; ഇവയുടെ മൊത്തം വരുമാനം എത്ര ;

(ബി) എത്ര നീതി സ്റ്റോറുകൾ വഴി പാചകവാതകസിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ട് ;

(സി) നീതി സ്റ്റോറുകൾ പാചകവാതകം വാങ്ങുന്നത് ഏതൊക്കെ കമ്പനികളിൽ നിന്നാണ് ;

(ഡി) പുതിയ പാചകവാതക കണക്ഷൻ നൽകുന്നതിന് കാലതാമസം വരുന്നതായുള്ള വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗ്യാസ് കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 1020 നീതി സ്റ്റോറുകൾ നടത്തുന്നുണ്ട്. പ്രതിമാസം 12.84 ലക്ഷം രൂപ മൊത്ത വരുമാനമുണ്ട്.

(ബി) 895 നീതി സ്റ്റോറുകൾ.

(സി) (1) ശ്രീശക്തി എൽ.പി.ജി. കമ്പനി, ഹൈദ്രാബാദ് (2) കോൾ ഡി പെട്രോളിയം കമ്പനി, പാലക്കാട്.

(ഡി) ഇല്ല. പുതിയ ഗ്യാസ് കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും 'ഫില്ലിംഗ് പെർമിറ്റ്' കിട്ടി പരമാവധി വേഗത്തിൽ ഗ്യാസ് കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി കൺസ്യൂമർ ഫെഡറേഷൻ കൈക്കൊണ്ടു വരുന്നു.

**സഹകരണവകുപ്പിലെ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി**

124(1027) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിൽ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്താത്തത് ഓഡിറ്റിംഗിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണവകുപ്പിൽ നിലവിൽ ജൂനിയർ സീനിയർ ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകളുണ്ട്. തസ്തികകൾ നികത്തുവാനും ഓഡിറ്റിംഗുകൾ കൃത്യമായി നടത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ ;

(സി) സഹകരണവകുപ്പിലെ ഇൻസ്പെക്ടർമാരിൽ എത്രപേർ ക്ലറിക്കൽ തസ്തികയിൽ നിന്നും ഡിപ്പാർട്ടുമെന്റ് കാട്ടവഴി നിയമിതരായവരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണവകുപ്പിൽ നിലവിൽ 1062 ജൂനിയർ ഇൻസ്പെക്ടർമാരുടേയും 1062 സീനിയർ ഇൻസ്പെക്ടർമാരുടേയും തസ്തികകളുണ്ട്. ഒഴിവുള്ള ഇൻസ്പെക്ടർ തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.എസ്.സി.യിൽ ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണവകുപ്പിൽ ഇൻസ്പെക്ടർമാരിൽ സീനിയർ തസ്തികയിൽ 411 പേർ സഹകരണ വകുപ്പിലെ യു.ഡിക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും 68 പേർ മറ്റ് വകുപ്പിലെ യു.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും നിയമിതരായവരാണ്. ജൂനിയർ തസ്തികയിൽ 455 പേർ സഹകരണ വകുപ്പിലെ യു.ഡി.ക്ലാർക്ക്/ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും 5 പേർ മറ്റ് വകുപ്പിലെ യു.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും നിയമിതരായവരാണ്.

## നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ധനസഹായപദ്ധതി

125(1028) ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾക്കാണ് ധനസഹായം നൽകുന്നത് ;

(ബി) ഈ ധനസഹായം ഗ്രാന്റാണോ വായ്പയാണോ എന്ന് വിശദമാക്കുമോ ;

(സി) ഈ കോർപ്പറേഷനിൽ നിന്നും സംസ്ഥാനത്തിന് കൂടുതൽ ധനസഹായം ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly